"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് - **2025-26** സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ മൂന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.**627/2025/CLAD** തീയതി,തിരുവനന്തപുരം, **31-10-2025**

---

പരാമർശം:- 1. **04.01.2021**-ലെ **1/2021**/ധന നമ്പർ സർക്കുലർ

2. സ.ഉ(സാധാ)നം.**265/2025/CLAD** തീയതി **15.05.2025**

3. സ.ഉ(സാധാ)നം.**334/2025**/സാംകാവ തീയതി **11.06.2025**

4. സ.ഉ(സാധാ)നം.**534/2025**/സാംകാവ തീയതി **17.09.2025**

5. കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് സെക്രട്ടറിയുടെ **13.10.2025**-ലെ **08/A2/44/25/KSBM** നമ്പർ കത്ത്

**ഉത്തരവ്**

കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന് **2025-26** വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന **70,00,000/-** രൂപ വിനിയോഗിച്ചു പദ്ധതി നിർവഹണം നടത്തുന്നതിന് പരാമർശം **(2)** പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാന്റ് തുകയുടെ ഒന്നാം ഗഡുവായി **14,00,000/-** രൂപ പരാമർശം **(3)** പ്രകാരവും രണ്ടാം ഗഡുവായി **5,00,000/-** രൂപ പരാമർശം **(4)** പ്രകാരവും അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതിയിനത്തിൽ മൂന്നാം ഗഡുവായി **14** ലക്ഷം രൂപ അനുവദിക്കണമെന്ന് സെക്രട്ടറി പരാമർശം **(5)** പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി ലഭിച്ചിട്ടുള്ള ഘടകങ്ങൾക്കു മാത്രമേ തുക ചെലവഴിക്കുകയുള്ളൂ എന്ന നിബന്ധനയോടു കൂടി കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് **2025-26** സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി **"2202-05-102-92-36(പ്ലാൻ)"** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും **5,5 0,000/- രൂപ (അഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം)** മൂന്നാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) ലെ നിർദ്ദേശ പ്രകാരം പ്രസ്തുത തുക കേരള സ്റ്റേറ്റ് ബുക്ക്മാർക്കിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **799012700000508** എന്ന **PSTSB** അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡയറക്ടറേറ്റിലെ ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് സെക്രട്ടറി ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ മൂന്നാം ഗഡുവിന്റെ ധന വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്, തിരുവനന്തപുരം.
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആൻറ് ഇ) കേരളം,
തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകുപ്പ് (23.10.2025 -ലെ 3161389 EDN-C5/73/ 2025-FIN- നമ്പർ കുറിപ്പ് പ്രകാരം )
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C1/69/2025-CLAD)

ഉത്തരവിൻ പ്രകാരം
Signed by
Sunitha Sadasivan
Date: 04-11-2025 19:32:29
സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്